(എച്ച്) പി.എസ്.സി.യുടെ ജില്ലാ ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. എൻകയറി വിഭാഗം കമ്പ്യൂട്ടർവൽക്കരിച്ചിട്ടില്ല.

(ഐ&ജെ) ഫോണിലൂടെ അറിയിക്കാൻ സാധിക്കുന്ന വിവരങ്ങൾ പറഞ്ഞുകൊടുക്കുന്നുണ്ട്. എല്ലാ വിവരങ്ങളും ഫോണിലൂടെ നൽകാൻ പ്രായോഗികമായി കഴിയില്ല. അങ്ങനെ വരുമ്പോൾ ഉദ്യോഗാർത്ഥി നേരിൽവന്ന് വിവരങ്ങൾ മനസ്സിലാക്കാൻ ആവശ്യപ്പെടാറുണ്ട്.

റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുവാൻ നടപടി

16 (2118) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ പുനർവിന്യാസ നടപടികളും സെക്രട്ടറി തല ചർച്ചകളും പൂർത്തിയാക്കാത്ത സാഹചര്യത്തിൽ നിലനിൽക്കുന്ന അനിശ്ചിതത്വംമൂലം പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും പ്രായപരിധി കഴിഞ്ഞു നിൽക്കുന്നവരുമായ നിരവധി ഉദ്യോഗാർത്ഥികൾ ഇതുമൂലം അനുഭവിക്കുന്ന വൈഷമ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 5-8-2003-ൽ കാലാവധി തീരുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി 6 മാസം കൂടി ദീർഘിപ്പിക്കാൻ പി.എസ്.സി.യോട് അഭ്യർത്ഥിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്. അന്തിമ തീരുമാനമായിട്ടില്ല.

റാങ്ക് ലിസ്റ്റ് പുറപ്പെടുവിക്കാനുള്ള തസ്തികകൾ

17 (2119) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. സി. നോട്ടിഫിക്കേഷൻ നടത്തി പരീക്ഷയും കഴിഞ്ഞ് റാങ്ക് ലിസ്റ്റ് പുറപ്പെടുവിക്കാനുള്ള എത്ര തസ്തികകൾ നിലവിലുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലതിരിച്ചും സംസ്ഥാനത്തെ പൊതുലിസ്റ്റുകളുടെയും വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇവകളിലേക്ക് എപ്പോൾ റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഗവൺമെന്റ് വന്നശേഷം എത്ര ലിസ്റ്റുകൾ ജില്ല-സംസ്ഥാന തലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(ഇ) പ്രസിദ്ധീകരിച്ച ലിസ്റ്റുകളിൽ എത്രപേർക്ക് വീതം അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട് ; ജില്ല-സംസ്ഥാന തസ്തികകളുടെ വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(എഫ്) അഡ്വൈസ് അയച്ചവരിൽ നിയമനം ലഭിക്കാതെ പി.എസ്.സി.യെ സമീപിച്ചവർ എത്രയെന്നും അവർ ഏതെല്ലാം ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടിക്രമം

18 (2120) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുമ്പ് സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ അനുമതി വേണമെന്ന നിയമം നിലവിലുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയുമില്ലാത്ത, തനത് ഫണ്ടിൽ നിന്നും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്ന വകുപ്പുകൾക്കും ഈ നിയമം ബാധകമാണോ ;

(സി) അഞ്ചും, എട്ടും വർഷം മുമ്പ് പി.എസ്.സി. അപേക്ഷ ക്ഷണിക്കുകയും ഇവയുടെ റാങ്ക് ലിസ്റ്റ് അടുത്ത കാലത്ത് നിലവിൽ വരുകയും ചെയ്ത ഒഴിവുകളുടെ നിയമന കാര്യത്തിൽ സർക്കാർ തീരുമാനം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) വർഷങ്ങളായി റാങ്ക്‌ലിസ്റ്റ് നിലവിൽ ഇല്ലാതിരിക്കുകയും, എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്തു കൊണ്ടിരിക്കുന്നവർക്ക് പകരം പുതുതായി നിലവിൽ വന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനാനുവാദം തേടുമ്പോൾ സർക്കാർ രൂപീകരിച്ച കമ്മിറ്റി ഒരു വർഷത്തിന് മുമ്പുള്ള ഒഴിവുകളാണെന്ന കാരണം പറഞ്ഞ് നിയമനാനുവാദം നിരസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly